"ഭരണഭാഷ മാതൃഭാഷ"

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം – 1
തീയതി : 13/01/2016

Ex.II-1/10972/HSE/2015

## സർക്കുലർ

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസം – പഠനവൈകല്യം ബാധിച്ച കുട്ടികൾക്ക് ഇളവുകൾ അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1) Ex.II-1/10972/HSE/2015 Dated : 02/12/215.
2) സ.ഉ (കൈ)നം. 03/2016/പൊവി തീയതി 01/01/2016

40% മോ അതിലധികമോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് (Students with special needs) സ്ക്രൈബിനെ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും പഠന വൈകല്യ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ (learning disabilities) കാര്യത്തിൽ വൈകല്യത്തിന്റെ ശതമാനം നിർണയിക്കപ്പെടുന്നില്ലായെന്നതിനാൽ ആനുകൂല്യങ്ങൾ ലഭിക്കാതെവരുന്നതിനാൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ നിന്നും സൂചന 1 പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ സൂചന 2 പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ കൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

1) **ഡിസ്‌ലെക്സിയ (Dyslexia)**

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് അധികമായി അനുവദിക്കുന്നതാണ്. കൂടാതെ ആവശ്യമെങ്കിൽ വ്യഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.

2) **ഡിസ്ഗ്രാഫിയ (Dysgraphia)**

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് അധികമായി അനുവദിക്കുന്നതാണ്. കൂടാതെ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സ്ക്രൈബിനേയും അനുവദിക്കുന്നതാണ്.

3) **ഡിസ്കാൽക്കുലിയ (Dyscalculia)**

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്ക് വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം അനുവദിക്കുന്നതാണ്. കൂടാതെ പേപ്പർ ഒന്നിന് മണിക്കൂറിന് 10 മിനിറ്റ് വീതം അധിക സമയവും അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
പരീക്ഷാ വിഭാഗം

Copy to –
1) All RDD's
2) All Principals
3) File Copy